REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-04-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളം നാളെ ബൂത്തിലേക്ക്. വോട്ടെടുപ്പ് രാവിലെ ഏഴിന് ആരംഭിയ്ക്കും.
- സംസ്ഥാനത്ത് വോട്ടിങ് യന്ത്രങ്ങളുടെയും പോളിങ് സാമഗ്രികളുടെയും വിതരണം പുരോഗമിക്കുന്നു.
- 12 സംസ്ഥാനങ്ങളിലെയും ജമ്മു കശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് രണ്ടാം ഘട്ടത്തിൽ വിധിയെഴുത്ത്.
- നാലാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക സമർപ്പണം ഇന്ന് അവസാനിക്കും. അഞ്ചാം ഘട്ട വോട്ടെടുപ്പിന് വിജ്ഞാപനം നാളെ.
- പാലക്കാട് ജില്ലയിൽ നാളെ വരെ ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ്.
- IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.

## വാർത്തകൾ വിശദമായി

**ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളം നാളെ ബൂത്തിലേക്ക്. വോട്ടെടുപ്പ് രാവിലെ ഏഴിന് ആരംഭിയ്ക്കും. വൈകീട്ട് ആറുവരെയാണ് പോളിംഗ്. രാവിലെ ആറിന് മോക് പോൾ ആരംഭിക്കും.**

ഒന്നര മാസത്തോളം നീണ്ട പരസ്യ പ്രചാരണത്തിനു ശേഷമാണ് സംസ്ഥാനം ഇന്നലെ വൈകീട്ട് മുതൽ നിശബ്ദ പ്രചാരണത്തിന്റെ മണിക്കൂറുകളിലേക്ക് കടന്നത്. അവസാന മണിക്കൂറിലും പരമാവധി വോട്ട് സ്വന്തമാക്കാൻ കരുനീക്കങ്ങളിലാണ് മുന്നണികളും സ്ഥാനാർത്ഥികളും. വോട്ടർമാർക്ക് ആലോചിച്ച് തീരുമാനമെടുക്കാൻ ദിവസവും കൂടിയാണ് ഇന്ന്.194 സ്ഥാനാർത്ഥികളാണ് മത്സര രംഗത്ത്. രണ്ട് കോടി 77 ലക്ഷത്തിൽപ്പരം വോട്ടർമാർക്കായി 25,358 പോളിംഗ് സ്റ്റേഷനുകൾ സജ്ജീകരിച്ചു. കേരളത്തിലെ 20 ഉൾപ്പെടെ 12 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളാണ് നാളെ ബൂത്തിലെത്തുന്നത്.

കർണാടകയിലെ 14 ഉം, രാജസ്ഥാനിലെ 13 ഉം, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ എട്ടു വീതവും, മധ്യപ്രദേശിലെ ഏഴും മണ്ഡലങ്ങൾ ഇതിലുൾപ്പെടുന്നു. അസം, ബിഹാർ സംസ്ഥാനങ്ങളിലെ അഞ്ചു വീതവും, ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ മൂന്നു വീതവും, മണിപ്പൂർ, ജമ്മുകശ്മീർ എന്നിവിടങ്ങളിൽ ഓരോ മണ്ഡലവും നാളെ വിധിയെഴുതും.

✪✪✪

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന് വോട്ടിങ് യന്ത്രങ്ങളുടെയും പോളിങ് സാമഗ്രികളുടെയും വിതരണം പുരോഗമിക്കുന്നു. വോട്ടെടുപ്പിന് മണിക്കൂറുകൾ മാത്രം ശേഷിക്കേ പോളിങ് സമാഗ്രികളുമായി ഉദ്യോഗസ്ഥർ ബൂത്തുകളിലേക്ക് തിരിച്ചു.

പോളിംഗിന് ആവശ്യമായ ഒരുക്കങ്ങളെല്ലാം വൈകിട്ടോടെ പൂർത്തിയാകും.

✪✪✪

വയനാട് ലോക്സഭാ മണ്ഡലത്തിൽ മാവോയിസ്റ്റ് സാന്നിധ്യത്തിന്റെ പശ്ചാത്തലത്തിൽ തലപ്പുഴ കൈതക്കൊല്ലി L.P സ്കൂളിൽ പ്രത്യേക സുരക്ഷ ഒരുക്കി. കഴിഞ്ഞ ദിവസം പ്രദേശത്തെത്തിയ മാവോയിസ് സംഘം വോട്ട് ബഹിഷ്കരിക്കണമെന്ന് ആഹ്വാനം ചെയ്തിരുന്നു. ഈ പശ്ചാത്തലത്തിലാണ് കനത്ത സുരക്ഷ ഒരുക്കിയത്.

✪✪✪

കണ്ണൂർ ജില്ലയിലെ 11 നിയോജക മണ്ഡലങ്ങളിലെ 1,866 പോളിംഗ് സ്റ്റേഷനുകളിലേക്കായി 2,371 ബാലറ്റ് യൂണിറ്റ്, 2,358 കൺട്രോൾ യൂണിറ്റ്, 2,544 വി വി പാറ്റ് എന്നിവയാണ് വിതരണം ചെയ്യുന്നത്. ബൂത്തുകളിലേക്കാവശ്യമായ ബാലറ്റ് യൂണിറ്റിന്റെ 25 ശതമാനവും കൺട്രോൾ യൂണിറ്റിന്റെ 20 ശതമാനവും വിവി പാറ്റ് യന്ത്രങ്ങളുടെ 30 ശതമാനവും അധികം ഓരോ മണ്ഡലത്തിലേക്കും നൽകുന്നുണ്ട്.

ജില്ലയിലെ 11 നിയമസഭാ മണ്ഡലങ്ങളിലെയും വിതരണ കേന്ദ്രങ്ങളിലെയും ഓരോ കേന്ദ്രത്തിലാണ് വിതരണം നടക്കുന്നത്.

✪✪✪

തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് പോയ ഉദ്യോഗസ്ഥൻ കാറിടിച്ചു മരിച്ചു. കായംകുളം പുല്ലുകുളങ്ങര സ്വദേശി ബാലു ആണ് മരിച്ചത്. ലാൻഡ് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനാണ്.

കായംകുളം M.S.M കോളേജിന് സമീപം ദേശീയപാതയിൽ പുലർച്ചെ ആയിരുന്നു അപകടം.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ക്രമസമാധാന നിർവഹണം നടത്തുന്ന പൊലീസ് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിന് ക്യു ആർ കോഡ് അടിസ്ഥാനമാക്കിയ സാങ്കേതിക വിദ്യയുമായി കണ്ണൂർ റൂറൽ പൊലീസ്. ഇലക്ഷൻ കൺട്രോൾ റൂമിൽ കണ്ണൂർ റൂറൽ ജില്ലയിലെ എല്ലാ പട്രോളിംഗ് ടീമിനും യഥാസമയം നിർദ്ദേശങ്ങൾ നൽകാനും ആവശ്യമായ ക്രമീകരണങ്ങൾ നടത്താനും ഉതകുന്ന തരത്തിലാണ് ക്യു ആർ കോഡ് സംവിധാനം ഏർപ്പെടുത്തിയത്.

റൂറൽ ജില്ലാ പോലീസിന്റെ പരിധിയിലെ ലോ ആൻഡ് ഓർഡർ പട്രോൾ, ഗ്രൂപ്പ് പട്രോൾ, Q.R.T പട്രോൾ എന്നിവയുടെ സ്ഥാനം ഗൂഗിൾ മാപ്പിന്റെ സഹായത്തോടെ നിർണയിക്കാനും കഴിയുന്നതാണ് സംവിധാനം. റൂറൽ ജില്ലാ പരിധിയിൽ ഇലക്ഷൻ സംബന്ധമായി എന്തെങ്കിലും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടായാൽ നിമിഷങ്ങൾക്കകം പട്രോളിങ്ങ് ടീമുകളുടെ സാന്നിധ്യം നിർണ്ണയിച്ച് പ്രശ്ന ബാധിത പ്രദേശങ്ങളിൽ കൂടുതൽ പൊലീസ് സാന്നിധ്യം ഉറപ്പാക്കാൻ ഇതോടെ കഴിയും.

✪✪✪

നാളത്തെ വോട്ടെടുപ്പിൽ കേരളത്തിലെ സുരക്ഷാ ക്രമീകരണങ്ങൾക്കായി 66,303 സുരക്ഷാ ഉദ്യോഗസ്ഥരെ

നിയോഗിച്ചതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. പൊലീസും കേന്ദ്രസേനയുമാണ് തിരഞ്ഞെടുപ്പിന് സുരക്ഷയൊരുക്കുന്നത്. കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശ പ്രകാരമാണ് പൊലീസ് വിന്യാസം പൂർത്തിയാക്കിയത്. 41,976 പൊലീസ് ഉദ്യോഗസ്ഥരെ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചു. 183 DYSP മാരും, 100 ഇൻസ്പെക്ടർമാരും, 4,540 SI/ASI മാരും ഇവരിലുൾപ്പെടുന്നു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് പോളിങ് ബൂത്തിൽ എത്തുമ്പോൾ തിരിച്ചറിയൽ രേഖയായി ഉപയോഗിക്കേണ്ടത് തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഫോട്ടോ തിരിച്ചറയൽ കാർഡ് ആണ്. എന്നാൽ അത് കൈവശമില്ലാത്തവർക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ച ഫോട്ടോപതിച്ച മറ്റ് 12 അംഗീകൃത തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് ചെയ്യാം.

✪✪✪

ആദ്യമായി വോട്ടു ചെയ്യുന്നവരടക്കം എല്ലാ വോട്ടർമാരും സമ്മതിദാനം വിനിയോഗിച്ച് രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാവണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അഭ്യർത്ഥിച്ചു. അഞ്ച് ലക്ഷത്തിലധികം കന്നി വോട്ടർമാരാണ് ഇക്കുറി പോളിങ് ബൂത്തിലെത്തുന്നത്. ആദ്യമായി വോട്ട് ചെയ്യുന്നവർക്ക് വോട്ടിങ് പ്രക്രിയയെക്കുറിച്ച് ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാൻ ആവശ്യമായ സഹായ നിർദ്ദേശങ്ങളും അദ്ദേഹം പങ്കുവെച്ചു.

⭐⭐⭐

പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ കലക്ടർമാർ നിരോധനാജ്ഞ പുറപ്പെടുവിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലാണ് നിരോധനാജ്ഞ. പരസ്യ പ്രചാരണം അവസാനിച്ച ഇന്നലെ വൈകിട്ട് ആറ് മുതൽ മറ്റന്നാൾ രാവിലെ ആറ് വരെയാണ് നിരോധനാജ്ഞ.

⭐⭐⭐

നാലാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രികാ സമർപ്പണം ഇന്ന് അവസാനിക്കും. നാളെയാണ് പത്രികകളുടെ സൂക്ഷ്മപരിശോധന.ഒമ്പത് സംസ്ഥാനങ്ങളിലും ജമ്മുകശ്മീരിലുമായി 96 ലോക്സഭാ സീറ്റുകളിൽ അടുത്ത മാസം 13 നാണ് വോട്ടെടുപ്പ്. ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര, ബിഹാർ, ജാർഖണ്ഡ്, ഒഡീഷ, പശ്ചിമ ബംഗാൾ, ആന്ധ്രപ്രദേശ്, തെലങ്കാന, സംസ്ഥാനങ്ങളിലാണ് ഈ ഘട്ടത്തിൽ, വോട്ടെടുപ്പ് നടക്കുന്നത്.

⭐⭐⭐

അഞ്ചാം ഘട്ട വോട്ടെടുപ്പിന് നാളെ വിജ്ഞാപനം പുറപ്പെടുവിക്കും. ഇതോടെ നാമനിർദേശ പത്രികാ സമർപ്പണം ആരംഭിക്കും. ആറ് സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും 49 മണ്ഡലങ്ങളിൽ അടുത്ത മാസം 20-നാണ് വോട്ടെടുപ്പ്.

⭐⭐⭐

ശരദ് പവാറിന്റെ നേതൃത്വത്തിലെ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി പൂനെയിൽ പ്രകടന പത്രിക പുറത്തിറക്കി. 'ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ്' എന്ന ആശയം നിരസിക്കുന്നതായി ശപത് നാമ എന്ന് പേരിട്ടിരിക്കുന്ന പ്രകടന പത്രികയിൽ പറയുന്നു.

✪✪✪

വയനാട് ബത്തേരിയിൽ അവശ്യ സാധനങ്ങളുടെ 1,500-ഓളം കിറ്റുകൾ രഹസ്യവിവരം ലഭിച്ചതിനെ തുടർന്ന് പൊലീസ് കസ്റ്റഡിയിലെടുത്തു. മൊത്ത വിതരണ സ്ഥാപനത്തിനു മുന്നിൽ നിന്നാണ് കിറ്റുകൾ പിടികൂടിയത്.

✪✪✪

പാലക്കാട് ജില്ലയിൽ നാളെ വരെ ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ച സാഹചര്യത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പ് അധികൃതർ നിർദ്ദേശം നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....

..........വോയ്സ്...........

✪✪✪

ഇന്ന് ലോക മലമ്പനി ദിനം. മലേറിയ നിയന്ത്രിക്കാനും ആത്യന്തികമായി ഇല്ലാതാക്കാനും, ആഗോള അവബോധം വളർത്താനാണ് ഏപ്രിൽ-25 ലോക മലേറിയ ദിനമായി ആചരിക്കുന്നത്.

കൂടുതൽ നീതിയുക്തമായ ഒരു ലോകത്തിനായി മലേറിയക്കെതിരെ പോരാട്ടം ത്വരിതപ്പെടുത്തുക എന്നതാണ് ഈ വർഷത്തെ സന്ദേശം.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. ഹൈദരാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ ഡൽഹി ക്യാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നാല് റൺസിന് പരാജയപ്പെടുത്തി.

✪✪✪

ISL ഫുട്ബോൾ സെമിഫൈനൽ രണ്ടാം പാദ മത്സരത്തിൽ ഒഡിഷ, മോഹൻ ബഗാൻ FC യെ നേരിടും. കൊൽക്കത്തയിൽ ഞായറാഴ്ച വൈകീട്ട് ഏഴരയ്ക്കാണ് മത്സരം.

ഇന്നലെ ഗോവയിൽ ആദ്യപാദ മത്സരത്തിൽ ഗോവയ്ക്കെതിരെ രണ്ടിനെതിരെ മൂന്നു ഗോളുകൾക്ക് മുംബൈ വിജയിച്ചു.

✪✪✪

ദുബായിൽ ഏഷ്യൻ അണ്ടർ - 20 അത്‌ലറ്റിക് മീറ്റിന്റെ ആദ്യ ദിവസമായ ഇന്നലെ ഇന്ത്യ ഒരു സ്വർണവും, മൂന്ന് വെള്ളിയും നേടി. പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ദീപാൻഷു ശർമ്മയാണ് സ്വർണം നേടിയത്. കഴിഞ്ഞ വർഷം മീറ്റിൽ 19 മെഡലുമായി ഇന്ത്യ മൂന്നാം സ്ഥാനം നേടിയിരുന്നു.

ലോക അണ്ടർ-20 അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിന്റെ യോഗ്യതാ മത്സരം കൂടിയാണിത്.

✪✪✪

തെലങ്കാനയിൽ വ്യത്യസ്ത വാഹനാപകടങ്ങളിൽ പത്തു പേർ മരിച്ചു. ഇന്നലെ രാത്രി വാറങ്കൽ-ഖമ്മം ഹൈവേയിൽ സ്വകാര്യ ബസിൽ ബൈക്ക് ഇടിച്ച് നാല് യുവാക്കളും സൂര്യപേട്ട് ജില്ലയിൽ പുലർച്ചെ ട്രക്കിൽ കാർ ഇടിച്ച് ആറ് പേരുമാണ് മരിച്ചത്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 280 രൂപ താഴ്ന്ന് 53,000 ലെത്തി. 6,625 രൂപയാണ് ഗ്രാമിന്.

✪✪✪

കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖോത്സവത്തിന്റെ നാളുകുറിക്കുന്ന പ്രക്കൂഴം ചടങ്ങുകൾ ഇന്ന് നടക്കും. ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ അവിൽ, നെയ്യ് എഴുന്നള്ളത്തുകൾ എത്തുന്നതോടെയാണ് ചടങ്ങുകൾ ആരംഭിക്കുന്നത്.

✪✪✪

തലശ്ശേരി - മാഹി ദേശീയപാതയിലെ മാഹി പാലം അറ്റകുറ്റപ്പണികൾക്കായി ഈ മാസം 29 മുതൽ 12 ദിവസം അടച്ചിടും. ഗതാഗതം മോന്താൽ പാലം വഴി തിരിച്ചു വിട്ടിട്ടുണ്ട്.

✪✪✪

തെരഞ്ഞെടുപ്പ് ദിവസങ്ങളിലെ അധിക തിരക്ക് ഒഴിവാക്കാൻ, റെയിൽവേ മംഗലൂരുവിനും കൊച്ചുവേളിക്കും ഇടയിൽ പ്രത്യേക സർവീസ് നടത്തും.

മംഗലൂരു സെൻട്രൽ - കൊച്ചുവേളി സ്പെഷൽ എക്സ്പ്രസ് ഇന്നും മറ്റന്നാളും, വൈകീട്ട് 7-ന് മംഗലൂരുവിൽ നിന്ന് പുറപ്പെട്ട് അടുത്ത ദിവസം രാവിലെ 8-ന് കൊച്ചുവേളിയിലെത്തും.

കൊച്ചുവേളി - മംഗലൂരു സ്പെഷൽ എക്സ്പ്രസ് 26, 28 തീയതികളിൽ ഉച്ചയ്ക്ക് 2.30 ന് പുറപ്പെട്ട് അടുത്ത ദിവസം പുലർച്ചെ 3-ന് മംഗലൂരു സെൻട്രലിൽ എത്തിച്ചേരും.

✪✪✪

തിരഞ്ഞെടുപ്പ് ബോധവത്ക്കരണത്തിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസ് പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച തിരഞ്ഞെടുപ്പ് പ്രശ്നോത്തരി മെഗാഫൈനലിൽ തിരുവനന്തപുരത്തെ അയ്യപ്പദാസും, ജിതിൻ K ജോണും ഉൾപ്പെട്ട ടീം ജേതാക്കളായി.

✪✪✪